## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 290 — 10/06/2013-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ഐ.റ്റി.ഡി.പി. യ്ക്ക് ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | പട്ടികവർഗ്ഗക്കാർ വളരെയധികം അധിവസിക്കുന്ന അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് ഐ.റ്റി.ഡി.പി ഓഫീസില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന (ഐ.റ്റി.ഡി.പി) ഓഫീസിനോട്ചേർന്ന് പ്രവർത്തിയ്ക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനം പരിമിതപ്പെട്ടതാണെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി | ഗ്രാമവികസന വകുപ്പിനോടുകൂടി ചേർന്നതാണ് അട്ടപ്പാടി ഐ.റ്റി.ഡി.പി. എന്നതുകൊണ്ട് ഭരണപരമായ ചില പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. |
| സി) | ഗ്രാമവികസന വകുപ്പിൽ നിന്നും 'ബൈഫർക്കേഷൻ' നടത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ (ഐ.റ്റി.ഡി.പി) ഓഫീസ് രൂപീകരിയ്ക്കുന്നതിനുള്ള നടപടി പട്ടികവർഗ്ഗക്ഷേമ വകുപ്പ് പൂർത്തീകരിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | സി, ഡി, & ഇ | അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങളുടെ ഏകോപിത നടത്തിപ്പിനുള്ള ചുമതല പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഭരണപരവും സാമ്പത്തികവുമായ അധികാരപരിധിയിൽ വരുന്ന ഉദ്യോഗസ്ഥരായിരിക്കണമെന്നത് അഭികാമ്യമായിരിക്കും എന്നതുകൊണ്ട് ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി) | സ്വതന്ത്രമായി പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന ഓഫീസ് ഇല്ലാത്തത് പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ സ്വതന്ത്രമായ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് രൂപീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| ഇ | ഇപ്പോൾ അട്ടപ്പാടിയിൽ ഉണ്ടായ ദുരന്തം നിവാരണം ചെയ്യുന്നതിനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിനും അട്ടപ്പാടിയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നിന്നും സ്വതന്ത്രമായി ഒരു ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ് രൂപീകരിയ്ക്കുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ; രൂപീകരിക്കുന്നെങ്കിൽ സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ